
## കത്തുകൾ




# ക്രിമിനലുകൾ വാഴുന്ന നാട്

**കേരളം** മറ്റു സംസ്ഥാനങ്ങളിൽനിന്ന് തികച്ചും ഭിന്നമാണ്. ഉയർന്ന സാക്ഷരത, മതബോധം, രാഷ്ട്രീയബോധം ഇവയെല്ലാം കേരളത്തിന്റെ മാത്രം പ്രത്യേകതകളാണ്. സാമൂഹിക മാറ്റത്തിന്റെ ചാലകശക്തിയായി പ്രവർത്തിച്ച നിരവധി മഹാരഥന്മാർക്ക് ജന്മം നൽകിയ പവിത്രമായ സ്ഥലവുമാണ് കേരളം. രാഷ്ട്രീയ പ്രബുദ്ധതയിലും കേരളം ഏറെ മുന്നിലാണ്. ഇന്ത്യയിൽ ഏറ്റവും ഉയർന്ന സാക്ഷരത കേരളത്തിലാണ്. കേരളം അറിയപ്പെടുന്നത് ദൈവത്തിന്റെ സ്വന്തം നാട് എന്നാണ്. ഇത്തരം വിശേഷണങ്ങൾ കൊണ്ട് പരിപോഷിപ്പിക്കപ്പെട്ട നമ്മുടെ സംസ്ഥാനം ഗതകാല പാരമ്പര്യങ്ങളെ കാറ്റിൽ പറത്തി അരാജകത്വത്തിലേക്ക് വഴുതിവീണുകൊണ്ടിരിക്കുന്നു.

മാറിയ വർത്തമാനകാല ചുറ്റുപാടുകളിൽ ദാരിദ്ര്യം അത്ര വ്യാപകമല്ലാതാവുകയും വിവിധ സാമ്പത്തിക സ്രോതസ്സുകൾ കേരളീയർക്ക് മുമ്പിൽ തുറക്കപ്പെടുകയും ചെയ്തിരിക്കുന്നു. സാമ്പത്തിക ദുഃസ്ഥിതിയിൽനിന്നുള്ള മാറ്റം കേരളജനതയെ മാറി ചിന്തിപ്പിക്കാൻ തുടങ്ങി. ധനം ചെലവഴിക്കപ്പെടാനുള്ള സാഹചര്യങ്ങൾ മുതലാളിത്തം പാകപ്പെടുത്തിയിരിക്കുന്നു. കേരള ജനതയുടെ മദ്യാസക്തിയെ ഉത്തേജിപ്പിച്ച്, മദ്യപന്മാർക്ക് മുൻതൂക്കമുള്ള ഒരു പ്രദേശമായി സംസ്ഥാനത്തെ മാറ്റിയെടുക്കാനാണ് അധികാരം കൈയാളുന്ന ഭരണകൂടങ്ങൾ ശ്രമിച്ചുപോന്നിട്ടുള്ളത്. ചെറ്റക്കുടിലുകളും ഓലപ്പുരകളും ഗതകാല സ്മരണകളായി മാറിയിരിക്കുന്നു. പടുകൂറ്റൻ കോൺക്രീറ്റ് സൗധങ്ങൾ കേരളത്തിൽ അങ്ങോളമിങ്ങോളം ഉയർന്നു കഴിഞ്ഞിരിക്കുന്നു. ഇപ്പോഴും വമ്പൻ മണി സൗധങ്ങൾ ഉയർന്നുകൊണ്ടിരിക്കുന്നു. സമ്പത്തിന്റെ വിനിയോഗം ധാർമികതയിൽ ഊന്നി നിന്നുകൊണ്ടായിരിക്കണം. സമ്പത്ത് വരുന്നത് എങ്ങനെയെന്ന് വേണ്ടപ്പെട്ടവർ അന്വേഷിക്കുന്നില്ല. കേരളത്തെ സംബന്ധിച്ചേടത്തോളം ധനാഗമന മാർഗം ഗൾഫ് മേഖലയും പാശ്ചാത്യ നാടുകളുമാണ്. അമിതമായ സമ്പത്താണ് ചൂഷണത്തിന് വിധേയമാക്കപ്പെടുന്നത്. നേർമാർഗത്തിലൂടെ ആരുടെ കീശയിൽനിന്നും പണം പിടുങ്ങാൻ സാധിക്കുകയില്ല എന്ന് മനസ്സിലാക്കിയാണ് പലരും ഹീനമായ മാർഗങ്ങളിലൂടെ അതിന് ശ്രമിക്കുന്നത്. ഇതാണ് മന്ത്രവാദത്തിലൂടെയും ദിവ്യന്മാരുടെ വേഷം കെട്ടിയും പൊതുസമൂഹത്തെ വലയിലാക്കാൻ അധോലോക പരിവേഷമുള്ള കപട സ്വാമിമാരെയും പാസ്റ്റർമാരെയും പ്രേരിപ്പിക്കുന്ന മുഖ്യ ഘടകം.

അധോലോക സംസ്കാരമാണ് കേരളത്തിൽ പിടിമുറുക്കിയിരിക്കുന്നത്. ധനം പൈശാചിക രൂപത്തിൽ ധാർമികതയെ ഉന്മൂലനം ചെയ്യുകയും മൂഢവിശ്വാസത്തിലേക്ക് മനസ്സുകളെ പാകപ്പെടുത്തുകയും ചെയ്യുന്നു. ധ്യാനകേന്ദ്രങ്ങളിലും മഠങ്ങളിലും ജാറങ്ങളിലും നിരനിരയായി കിടക്കുന്ന മൂഢവിശ്വാസികളുടെ നീണ്ട വാഹനനിര ഇതിന് തെളിവാണ്. ദേവാലയങ്ങൾക്കു പകരം മന്ത്രവാദികളെയും ദിവ്യന്മാരെയും സേവിക്കുകയും സ്വന്തം കീശയും വിശ്വാസവും അവർക്ക് കാണിക്കയായി കൊടുക്കുകയും ചെയ്യുന്ന മൂഢവിശ്വാസികൾ യഥാർഥ മതബോധമുള്ളവരോ സാമൂഹിക പ്രതിബദ്ധതയുള്ളവരോ അല്ല.

ഇത്തരം ഹീനകൃത്യങ്ങൾക്ക് തടയിടേണ്ട ഭരണകൂടവും അവരുടെ ഉപകരണമായ പോലീസും ഒന്നും കണ്ടില്ലെന്ന് നടിക്കുകയും അക്രമികൾക്ക് ഒത്താശ ചെയ്തു കൊടുക്കുകയും ചെയ്യുന്നു. മഠങ്ങളിലും ധ്യാന ഭവനങ്ങളിലും ജാറങ്ങളിലും കുന്നുകൂടുന്ന കണക്കില്ലാത്ത സമ്പത്ത് സ്വകാര്യ സ്വത്തായി അനുഭവിക്കുകയും സമൂഹത്തെ യഥാർഥ ദർശനങ്ങളിൽനിന്ന് വഴി തെറ്റിക്കുകയും ചെയ്യുന്നതിലൂടെ ഇവിടെ സംജാതമായിരിക്കുന്നത്, ഏതാനും കൊള്ളക്കാർക്ക് ഹീനമായ മാർഗത്തിലൂടെയും ധനം സമ്പാദിക്കാനുള്ള സുഗമമായ മാർഗമാണ്.

ജനങ്ങളെ മൂഢവിശ്വാസങ്ങളിൽനിന്ന് കരകയറ്റാൻ മതനേതൃത്വം ഇടപെടണം. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പിഴുതെറിയാൻ യഥാർഥ വിശ്വാസികൾ ബോധവത്കരണ പരിപാടികളും മറ്റും നടത്തി ജനങ്ങളെ നേർമാർഗത്തിലേക്ക് കൊണ്ടുവരണം.

കള്ളപ്പണം, കുഴൽപ്പണം, കള്ളനോട്ട്, ഹവാല, മദ്യപാനം, ചൂതാട്ടം എന്നിവയാൽ വലയം ചെയ്യപ്പെട്ട ഒരു സമൂഹം തിന്മയുടെ നീരാളിപ്പിടുത്തത്തിൽ അകപ്പെടും. കേരളത്തിന്റെ ഗതകാല സാംസ്കാരിക പൈതൃകത്തിനു നേരെയുള്ള വെല്ലുവിളിയാണ് മൂഢവിശ്വാസത്തിന്റെ വക്താക്കളായ വ്യാജ സ്വാമിമാരും സിദ്ധന്മാരും അവരെ പിന്താങ്ങുന്ന മേലാളന്മാരും. രാഷ്ട്രീയക്കാർ എക്കാലവും ഇത്തരം വ്യാജന്മാർക്ക് അനുകൂലമായ നിലപാടുകളാണ് എടുത്തിട്ടുള്ളത്. ശക്തമായ നടപടികളിലൂടെ സാമ്പത്തിക കുറ്റവാളികളെയും ജാതി-മത ഭേദമന്യേ എല്ലാ വ്യാജ സിദ്ധന്മാരെയും കൈകാര്യം ചെയ്യാനുള്ള ആർജവം ഭരണകൂടം കാട്ടണം. എങ്കിൽ മാത്രമേ ഭക്തിയുടെ മറവിൽ നടക്കുന്ന ഈ പകൽ കൊള്ളക്ക് അന്ത്യം കുറിക്കാൻ സാധിക്കുകയുള്ളൂ.

ഇ. ഖാലിദ് പുന്നപ്ര

## ഉദരംമൂലം ബഹുകൃത വേഷം

**ആൾദൈവങ്ങളെക്കുറിച്ചും** സിദ്ധന്മാരെക്കുറിച്ചും അവരുടെ ചതിയിൽ പെട്ട് നാണം കെട്ട മാന്യന്മാരെക്കുറിച്ചുമുള്ള തുടർക്കഥകളാണ് ഈയിടെയായി മാധ്യമങ്ങൾ നിറയെ. വിവര സാങ്കേതികവിദ്യയുടെ വിസ്ഫോടനങ്ങൾക്കിടയിലും വിഡ്ഢികൾക്ക് ഒരു ക്ഷാമവുമില്ലെന്ന് ഈ വാർത്തകൾ വ്യക്തമാക്കുന്നു. എന്തുകൊണ്ട് ആളുകൾ വളരെ വേഗം ഇത്തരം വഞ്ചനകളിലും തട്ടിപ്പുകളിലും കുടുങ്ങുന്നുവെന്ന് ആലോചിക്കേണ്ടതുണ്ട്. ആൾദൈവങ്ങളും സ്വാമിമാരും സിദ്ധന്മാരുമെല്ലാം വെറും മനുഷ്യരാണെന്ന ബോധ്യമാണ് ആദ്യം വേണ്ടത്. ഉദരം മൂലം ബഹുകൃതവേഷം കെട്ടുകയാണവർ.

സർവവിധ അന്ധവിശ്വാസങ്ങളിൽനിന്നും ചൂഷണങ്ങളിൽനിന്നും മനുഷ്യനെ മോചിപ്പിക്കാനുള്ള യുക്തിഭദ്രമായ അടിത്തറ ഖുർആൻ മനുഷ്യന് നൽകിയിട്ടുണ്ട്. അവ പഠിച്ച് പകർത്താത്തതാണ് കുഴപ്പം. ജാതി മത ഭേദമന്യെ ഖുർആന്റെ ദൈവസങ്കൽപത്തിൽ പൂർണമായി വിശ്വസിക്കുന്ന ആരും ഇത്തരം തട്ടിപ്പുകളിൽ

കുടുങ്ങുകയില്ല. മനുഷ്യരെ വഞ്ചിക്കുന്ന ദൈവേതര ശക്തികൾക്കെതിരെ ഒട്ടേറെ സൂക്തങ്ങൾ ഖുർആനിലുണ്ട്. മുസ്‌ലിംകൾക്കു മാത്രമല്ല, മനുഷ്യനായി പിറന്ന ആർക്കും ഖുർആൻ താക്കീതും വഴികാട്ടിയുമാണ്. യഥാർഥ മതവിശ്വാസികൾക്കു മാത്രമേ സർവവിധ വ്യാജന്മാരെയും തിരിച്ചറിയാനും ധീരമായി തിരസ്കരിക്കാനും കഴിയൂ.

**കെ.പി ഇസ്മാഈൽ കണ്ണൂർ**

## വേണ്ടത് ബഹുജന മുന്നേറ്റം

**ആൾദൈവങ്ങളുടെ** അണിയറ രഹസ്യങ്ങൾ അങ്ങാട്ടിപ്പാട്ടാകുമ്പോഴും കൊമ്പൻ സ്രാവുകൾ രക്ഷപ്പെടുകതന്നെയാണ്. രാജ്യത്തിലെ പരമോന്നതരായ വ്യക്തിത്വങ്ങൾ പോലും ആൾദൈവങ്ങൾക്കു മുമ്പിൽ തല കുനിച്ച് കാലു നക്കുന്ന ദുരവസ്ഥ. ഇതിൽ ഗവർണർമാരുണ്ട്, മന്ത്രിമാരുണ്ട്, പോലീസ് മേധാവികളുണ്ട്. പിന്നെ ആരാണ് മനുഷ്യദൈവങ്ങളെ കൈവിലങ്ങിടാനുള്ളത്? വ്യാജ സിദ്ധന്മാരും പുതുപുത്തൻ പേരുകളുള്ള സ്വാമികളും ജുബ്ബാ ചേട്ടന്മാരും ഔലിയാക്കളുമടക്കം സമൂഹ മധ്യത്തിൽ വിലസി നടക്കുന്നതും ഇതുകൊണ്ടുതന്നെയാണ്. ശക്തമായ ജനകീയ കൂട്ടായ്മയിലൂടെ മാത്രമേ ഇത്തരം ആത്മീയ വ്യവസായങ്ങളെ നേരിടാനാവൂ. പ്രയാസകരമെങ്കിലും ആദ്യ ദൗത്യം ഇത്തരം അന്ധവിശ്വാസങ്ങൾ നെഞ്ചേറ്റുന്നവരെ സത്യം ധരിപ്പിക്കുകയാണ്. എന്നിട്ട് അവരുടെയും കൂടി പിന്തുണയോടെ വേണം പ്രക്ഷോഭം നയിക്കാൻ. ബഹുജന രോഷത്തിനു മുന്നിൽ കൊമ്പൻ സ്രാവുകൾക്കും അടിപതറാതിരിക്കില്ല.

**കെ.എ മുബാറക്ക്**
**സലാമത്ത് നഗർ**

## കുടുംബ മാഹാത്മ്യം വിലപ്പോവില്ല

**'പ്രധാനമന്ത്രി** പദത്തിലേക്ക് ഒരു ക്രാഷ് കോഴ്സ്' (മെയ് 17) വായിച്ചു. രാഹുൽ ഗാന്ധി ദലിതന്റെ വീട്ടുമുറ്റത്ത് കിടന്നുറങ്ങി, ആഹാരം കഴിച്ചു, അതുകഴിഞ്ഞ് അണുനശീകരണം നടത്തി, ഇനി കാളയിറച്ചി കഴിക്കും, എന്നൊക്കെ ഹാസ്യ രൂപത്തിൽ എഴുതിക്കണ്ടു. 'കുടലെടുത്ത് കാണിച്ചാലും വാഴനാര്' എന്നാണല്ലോ ചൊല്ല്.

ഇന്ത്യ കണ്ട കരുത്തയായ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയെ അവരുടെ സ്വന്തം നിയോജക മണ്ഡലത്തിൽ തോൽപിച്ച് കോൺഗ്രസിനെ അധികാരത്തിൽനിന്നും പുറത്തു കളയാനും അധികം താമസിയാതെ അതേ വ്യക്തിയെ അധികാരത്തിൽ തിരിച്ചുകൊണ്ടുവരാനും വിദ്യാഭ്യാസപരമായി വളരെ പിന്നാക്കം നിൽക്കുന്ന ഇന്ത്യൻ സമ്മതിദായകനു കഴിഞ്ഞു. സാക്ഷാൽ ജവഹർലാൽ നെഹ്റുവിനു കിട്ടിയതിനേക്കാൾ ഭൂരിപക്ഷം നൽകി രാജീവ് ഗാന്ധിയെ അധികാരത്തിലേറ്റിയ അതേ ജനത അദ്ദേഹത്തെ അഞ്ചു വർഷത്തിനു ശേഷം അധികാരത്തിൽനിന്നും ബാലറ്റു പേപ്പർ വഴി പുറത്താക്കി.

ഒരു വ്യക്തിയുടെ കുടുംബ മാഹാത്മ്യം കൊണ്ട് അധികാരത്തിൽ വരാമെന്ന് ആരെങ്കിലും വ്യാമോഹിച്ചാൽ ഇന്ത്യൻ വ്യവസ്ഥിതിയിൽ നടക്കുകയില്ലെന്ന് വ്യക്തമായിരിക്കെ ഇത്തരം വ്യക്തിപരമായ പരാമർശങ്ങൾ *പ്രബോധനം* വാരികയിൽ ബഹുഭൂരിപക്ഷം വായനക്കാരും പ്രതീക്ഷിക്കുന്നില്ല. ഇത്തരം സംഭവങ്ങൾ അർഹിക്കുന്ന അവജ്ഞയോടെ അവഗണിക്കുകയായിരുന്നു വേണ്ടിയിരുന്നത്.

**ഡോ. എം. ഹനീഫ്**
**കോട്ടയം**

# ചുരുക്കെഴുത്ത്

**ആത്മീയ** ചൂഷകരുടെ തട്ടിപ്പുകൾ വെളിച്ചത്ത് വന്നുകൊണ്ടിരിക്കുമ്പോൾതന്നെ, എങ്ങനെ പ്രായോഗികമായി പ്രതിരോധിക്കാം എന്ന അവ്യക്തത നിലനിൽക്കുന്നു. സിദ്ധന്മാരുടെയും ജാറ കേന്ദ്രങ്ങളുടെയും മുന്നിൽ പ്രഭാഷണ പരമ്പര വെച്ചതുകൊണ്ടോ പത്രങ്ങളിൽ വാർത്ത വന്നതുകൊണ്ടോ ലക്ഷ്യം വെച്ചതല്ല പലപ്പോഴും നേടിത്തരിക. അതുപയോഗപ്പെടുത്തി തങ്ങളുടെ ഭക്തിവ്യവസായം വികസിപ്പിക്കാനും അവർക്ക് ചിലപ്പോൾ കഴിയും. വേണ്ടത് യുക്തിഭദ്രമായ ബോധവത്കരണമാണ്. പ്രകോപനം സൃഷ്ടിച്ചുള്ള എതിർ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്താത്തതും അതുകൊണ്ടുതന്നെ.

**ഇൻസാഫ് പതിമംഗലം**

**'സ്വർഗം** തടയുന്ന രണ്ടു കുറ്റങ്ങൾ' എന്ന ഹദീസ് വ്യാഖ്യാനക്കുറിപ്പ് (ലക്കം 49) മനസ്സിരുത്തി വായിക്കുന്ന ആരും ഉള്ളാലെ ഒന്ന് വിറകൊള്ളാതിരിക്കില്ല. അശ്രദ്ധയാൽ നിത്യേന ചെയ്തുവരുന്നൊരു കാര്യത്തിലേക്കാണ് ഈ നബിവചനം നമ്മുടെ ശ്രദ്ധക്ഷണിക്കുന്നത്. മുതൽമുടക്കില്ലാത്ത ഉപകാരത്തെ കുറിച്ചും ഒരു പുനഃപരിശോധന നടത്താൻ ഈ 'വഴിവെളിച്ചം' നമ്മുടെ ഉള്ളിലേക്കിറങ്ങിച്ചെല്ലട്ടെ.

**കെ.എ മമ്മൂട്ടി കവിയൂർ**

**'വഴിവെളിച്ച'ത്തിൽ** (ലക്കം 50) ലജ്ജയെക്കുറിച്ചുള്ള ഹദീസ് കൊടുത്തത് സന്ദർഭോചിതമായി. 'നിങ്ങളുടെ ശിരസ്സും നിങ്ങളുടെ ഉദരവും അതുൾക്കൊള്ളുന്നതും സൂക്ഷിക്കണം' എന്നത് വിശദീകരണമർഹിക്കുന്നു. സാധാരണക്കാരനു കൂടി മനസ്സിലാകുന്ന രൂപത്തിൽ വിശദീകരിക്കണം.

**അബൂസുബി എടക്കാപറമ്പ്**